# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 862 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. കെ.എൻ.എ. ഖാദർ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പല സ്ഥല ങ്ങളിലും രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെ ടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കു ന്നത്; | (ബി) വേനൽക്കാല ജലശോഷണം കണക്കിലെ ടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരി ടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>2. കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റ പ്പണികൾ<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>5. സാങ്കേതികമായി സാധ്യമായ സ്ഥല ങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.<br>6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോത സ്സുകളിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്യുക.<br>8. കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുക.<br>9. പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം നല്കുക മുതലായവ.<br>10. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിലേ യ്ക്കായി 23.01.2013-ലെ പ്രത്യേക മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 57 കോടി രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (സി) | വറ്റി കൊണ്ടിരിക്കുന്ന ജല സ്രോതസ്സുകളെ സംരക്ഷി ക്കാൻ കൃത്രിമ മഴ പെയ്യി ക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ പരിഗണി ക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ